**രജിസ്ട്രേഡ് തപാൽ മടക്ക രശീതി സഹിതം**

**ഭരണഭാഷ-മാതൃഭാഷ**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, കോഴിക്കോട്**
**ഫോൺ : 0495 2991793**
**ഇമെയിൽ : ecostatkzh@gmail.com**

**സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പ് കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ക്രമം**
**(ഹാജർ: രാജേഷ്.വി .പെൻ 394766)**

വിഷയം: സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ഓഫീസ്, കോഴിക്കോട്-ജീവനക്കാര്യം-ശ്രീമതി.ഫാത്തിമ റോസ്മിൻ.ബി, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II-അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നത് - അച്ചടക്കനടപടി- സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ട് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ 09/05/2016- ലെ ഇഎ(3) 11275/2016/ ഡിഇഎസ് നമ്പർ ഉത്തരവ്

2.ശ്രീമതി ഫാത്തിമ റോസ്മിൻ.ബി-യുടെ 03/05/2021-ലെ അപേക്ഷ

3 ആസൂത്രണ സാമ്പത്തിക കാര്യ (ഡി) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 26/02/2022-ലെ ഡി2/70/2021/പ്ലാനിംഗ് നമ്പർ കത്ത്

4. 30/12/2020-ലെ 83/2020/ഫിൻ നമ്പർ സർക്കുലർ

5 . സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറുടെ 04/03/2022-ലെ ഡിഇഎസ് 1798/2021/ഇഎ (3) നമ്പർ കത്ത്

6.ഈ ഓഫീസിലെ 10/03/2022 ലെ ഇ ബി 2 1409/2021 ഡിഎസ് ഡി നമ്പർ കത്ത്

7.ഈ ഓഫീസിലെ 19.05.2022 ലെ ഇതേ നമ്പർ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും

8. ഈ ഓഫീസിലെ 23.02.2025 ലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

**<u>ഉത്തരവ് നമ്പർ ഇബി (2) 1409/2024/ഡിഎസ്.ഡി തീയ്യതി16-04-2025</u>**

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിൽ കോഴിക്കോട് ജില്ലയിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II തസ്തികയിൽ ജോലി നോക്കി വരവെ

പരാമർശം (1) ഉത്തരവ് പ്രകാരം ശ്രീമതി.ഫാത്തിമ റോസ്‌മിൻ.ബി യ്ക്ക് വിദേശത്തുള്ള ഭർത്താവിനൊപ്പം താമസിക്കുന്നതിന് 13/06/2016 മുതൽ 12/06/2021 വരെ 5 വർഷത്തേയ്ക്ക് കെ.എസ്.ആർ പാർട്ട്-I അപ്പന്റിക്സ്–XII-സി യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ചിരുന്നു.

വിദേശ രാജ്യത്ത് കുടുംബസമേതം താമസിക്കുന്ന ശ്രീമതി.ഫാത്തിമ റോസ്‌മിൻ.ബി കോവിഡ്-19 മഹാമാരി കാരണം ഇന്ത്യയിലേക്ക് തിരിച്ച് വരാനുള്ള ബുദ്ധിമുട്ട് സൂചിപ്പിച്ചുകൊണ്ട് മേൽപ്പറഞ്ഞ അവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (4) സർക്കുലറിലെ ഖണ്ഡിക 3 ലെ വ്യവസ്ഥ പ്രകാരം നിരസിച്ചതായും ഉടൻതന്നെ സർവീസിൽ തിരികെ പ്രവേശിക്കുന്നതിനും അല്ലാത്തപക്ഷം അച്ചടക്ക നടപടി സ്വീകരിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതാണെന്ന് അറിയിച്ച് കൊണ്ട് പരാമർശം (6) പ്രകാരം ശ്രീമതി.ഫാത്തിമ റോസ്‌മിൻ.ബി ക്ക് കത്ത് നല്കിയിരുന്നു . എന്നാൽ രജിസ്റ്റേർഡ് തപാൽ ആയി അയച്ച കത്ത് മേൽ വിലാസക്കാരൻ ഇൻഡ്യയ്ക്ക് പുറത്താണ് എന്ന തപാൽ വകുപ്പിന്റെ റിമാർക്സ് സഹിതം തിരികെ ലഭിക്കുകയും ചെയ്തിട്ടുള്ളതാകുന്നു .

മേൽ സാഹചര്യത്തിൽ കെ.എസ്.ആർ പാർട്ട്-I, അപ്പന്റിക്സ് –XII-സി പ്രകാരമുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (5) പ്രകാരം സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി പരാമർശം (7) പ്രകാരം ടിയാൾക്ക് അയച്ച കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും റെജിസ്ട്രേഡ് തപാൽ മേൽ വിലാസക്കാരൻ ഇൻഡ്യയ്ക്ക് പുറത്താണ് എന്ന തപാൽ വകുപ്പിന്റെ റിമാർക്സ് സഹിതം തിരികെ ലഭിക്കുകയും ചെയ്തിട്ടുള്ളതാകുന്നു. കൂടാതെ മേൽപ്പറഞ്ഞ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും ടിയാളുടെ ഈ മെയിൽ വിലാസത്തിൽ 24.05.2022 നു മെയിൽ ചെയ്യുകയും ചെയ്തിരുന്നു, എന്നാൽ അതിനും യാതൊരു വിധ മറുപടിയും ടിയാൾ നല്കിയിട്ടില്ല . ശ്രീമതി.ഫാത്തിമ റോസ്‌മിൻ.ബി 13.06.2021 മുതൽ അനധികൃതമായി ജോലിയിൽ ഹാജരാകാത്തത് സംബന്ധിച്ച് ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി അനുബന്ധം എച്ച് 5 നോട്ടീസ് നല്കിയതിനെ തുടർന്ന് 2024 മാർച്ച് 8 നു ദേശാഭിമാനി ,മെട്രൊവാർത്ത തുടങ്ങിയ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീമതി.ഫാത്തിമ റോസ്‌മിൻ.ബി കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നിശ്ചിത സമയത്തിനുള്ളിൽ കൈപ്പറ്റുകയോ ജോലിയ്ക്ക് ഹാജരാകുകയോ ചെയ്തിട്ടുമില്ല . 13.06.2016 മുതൽ 12.06.2021 വരെ അനുവദിച്ച അവധിക്ക് ശേഷം ശ്രീമതി ഫാത്തിമ റോസ്‌മിൻ. ബി ഒരു വർഷത്തെക്ക് കൂടി അവധി ദീർഘിപ്പിച്ച് നല്കാൻ അപേക്ഷ നല്കിയതല്ലാതെ പ്രസ്തുത അവധി അനുവദിച്ചിട്ടുണ്ടോ ,നിരസിച്ചിട്ടുണ്ടോ എന്ന് പോലും അന്വേഷിക്കുകയോ കത്തിലൂടെയോ, മറ്റേതെങ്കിലും രീതിയിലോ ഈ ഓഫീസുമായി ബന്ധപ്പെടുകയോ ഓഫീസിൽ ഹാജരാകുകയോ ചെയ്തിട്ടില്ല.

ടിയാളെ സർ വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ചിരിക്കുന്ന വിവരം അറിയിച്ചുകൊണ്ടും,ടി തീരുമാനം നടപ്പിലാക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ 15 ദിവസത്തിനകം രേഖാമൂലം അറിയിക്കുന്നതിനും പരാമർശം (8) പ്രകാരം നോട്ടീസ് അയച്ചുവെങ്കിലും ആയത് തപാൽ വകുപ്പിന്റെ അൺക്ലെയിംഡ് എന്ന റിമാർക്സ് സഹിതം തിരിച്ചു വരികയും ചെയ്തിട്ടുണ്ട് .

മേൽ സാഹചര്യത്തിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന ശ്രീമതി. ഫാത്തിമ റോസ്മിൻ. ബി സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-II-നെ കെ എസ് ആർ ഭാഗം -1 അനുബന്ധം XII-സി ചട്ടം 10 പ്രകാരം സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിന് പരാമർശം(8) പ്രകാരം താൽക്കാലികമായി എടുത്തിരുന്ന തീരുമാനം സ്ഥിരപ്പെടുത്തി ടിയാളെ 13.06.2021 പൂർവാഹ്നം പ്രബല്യത്തിൽ സർവീസിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

Signed by
Rajesh V
Date: 16-04-2025 14:23:48
ഡെപ്യൂട്ടി ഡയറക്ടർ

ശ്രീമതി .ഫാത്തിമ റോസ്മിൻ ബി
റിസ്ന വില്ല,
ആർ എം ഹോസ്പ്പിറ്റലിന് എതിർവശം
ബേപ്പൂർ. കോഴിക്കോട് 673015

പകർപ്പ്: 1.ഡയറക്ടർ സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് തിരുവനന്ത പുരം (ആമുഖ കത്ത് സഹിതം)
2. ഡെപ്യൂട്ടി ഡയറക്ടർ കമ്പ്യൂട്ടർ ഡിവിഷൻ, സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. ജില്ലാ ഓഫീസറുടെ മേശപ്പുറത്ത്
4.റിസർച്ച് അസിസ്റ്റൻ്റ് ജനറൽ,
5. സംഭരണ ഫയൽ